3152
13/2/17

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി ചുമതലയേറ്റ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക വസതിയിലേയ്ക്ക് കോ-ടെർമിനസ് വ്യവസ്ഥയിൽ 2 പാർട്ട് ടൈം സ്വീപ്പറിന്റെയും 2 പാർട്ട് ടൈം കുക്കിന്റെയും തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (സാധാ) 46/2017/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി : 25.01.2017

---

പരാമർശം :- (1) 05.01.2012-ലെ ജി.ഒ.(എം.എസ്) 2/2012/പി ആന്റ് എ.ആർ.ഡി നമ്പർ ഉത്തരവ്
(2) 10.03.2015 ലെ ജി.ഒ.(എം.എസ്) 10/2015/പി ആന്റ് എ.ആർ.ഡി നമ്പർ ഉത്തരവ്
(3) 05.08.2016 ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ 1038/2016/കെ.എ.റ്റി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി ചുമതലയേറ്റ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക വസതിയിലേയ്ക്ക് 2 പാർട്ട് ടൈം സ്വീപ്പറിന്റെയും 2 പാർട്ട് ടൈം കുക്കിന്റെയും തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നും അംഗങ്ങൾ ചാർജ്ജെടുത്ത തീയതി മുതൽ പ്രസ്തുത തസ്തിക സൃഷ്ടിച്ച് നൽകണമെന്നും പരാമർശം (3)ലെ കത്തുപ്രകാരം അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ആവശ്യപ്പെട്ടു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി ചുമതലയേറ്റ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക വസതിയിലേയ്ക്ക് കോ-ടെർമിനസ് വ്യവസ്ഥയിൽ 2 പാർട്ട് ടൈം സ്വീപ്പറിന്റെയും 2 പാർട്ട് ടൈം കുക്കിന്റെയും തസ്തിക അവർ ചാർജ്ജെടുത്ത തീയതിയായ 20.07.2016 മുതൽ സൃഷ്ടിക്കുന്നതിനും ആയതിനുള്ള തുക '2014-00-116-99-NP' എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സത്യജീത് രാജൻ
പ്രിൻസിപ്പൽ സെക്രട്ടറി

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
ഡെപ്യൂട്ടി രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം
പൊതുഭരണ (എസി.സി) വകുപ്പ് (18.01.2017 ലെ ഇനം നമ്പർ 0637)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് [22/10/2016 ലെ (E-3264)EXP-A3/38/2014-FIN നമ്പർ കുറിപ്പുകൾ പ്രകാരം]
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
K Livisani
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-01-2017.

ഫയൽ നം.എ.ആർ.12(2)/33/2016/ഉ.ഭ.പ.വ. ഇനം നം: 637

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക വസതിയിലേക്ക് കോ-ടെർമിനസ് വ്യവസ്ഥയിൽ രണ്ട് പാർട്ട്-ടൈം-സ്വീപ്പറിന്റെയും രണ്ട് പാർട്ട്-ടൈം-കുക്കിന്റെയും തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

PTO →

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ.ആർ.12(2)/33/2016/ഉ.ഭ.പ.വ. |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ്. |
| 3 | വിഷയം | : | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക വസതിയിലേയ്ക്ക് കോ-ടെർമിനസ് വ്യവസ്ഥയിൽ 2 പാർട്ട് ടൈം സ്വീപ്പറിന്റെയും രണ്ട് പാർട്ട് ടൈം കുക്കിന്റെയും തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08.12.2016. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br><br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഗീത.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സത്യജീത്ത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.12.2016 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.12.2016 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 08.01.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11.01.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക വസതിയിലേയ്ക്ക് കോ-ടെർമിനസ് വ്യവസ്ഥയിൽ 2 പാർട്ട് ടൈം സ്വീപ്പറിന്റെയും 2 പാർട്ട് ടൈം കുക്കിന്റെയും തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ചെയർമാന്റെ ഔദ്യോഗിക വസതിയിലേയ്ക്ക് 1 പാർട്ട് ടൈം കുക്കിന്റെയും ചെയർമാന്റെയും 2 മെമ്പർമാരുടേയും ഔദ്യോഗികവസതിയിലേയ്ക്ക് 3 പാർട്ട് ടൈം സ്വീപ്പറിന്റെയും തസ്തിക കോ-ടെർമിനസ് വ്യവസ്ഥയിൽ സൃഷ്ടിച്ചുകൊണ്ട് GO(Ms) 2/2012/P&ARD തീയതി 5-1-2012 പ്രകാരവും രണ്ട് ജുഡീഷ്യൽ മെമ്പർമാരുടെ ഔദ്യോഗിക വസതിയിലേയ്ക്ക് കോ-ടെർമിനസ് വ്യവസ്ഥയിൽ 2 പാർട്ട് ടൈം കുക്കിന്റെ തസ്തിക സൃഷ്ടിച്ചുകൊണ്ട് GO(Ms) No. 10/2015/P&ARD തീയതി 10.03.2015 പ്രകാരവും ഉത്തരവായിരുന്നു.

3) 20.07.2016 ൽ ചാർജ്ജെടുത്ത രണ്ട് ജുഡീഷ്യൽ മെമ്പർമാരുടെ സുഗമമായ പ്രവർത്തനത്തിന് രണ്ട് പാർട്ട് ടൈം കുക്കിന്റെയും 2 പാർട്ട് ടൈം സ്വീപ്പറുടെയും തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

4) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മെമ്പർമാരുടെ സേവന വ്യവസ്ഥകൾ 1985 ലെ Kerala Administrative Tribunal Act ന്റെ 893-ാം വകുപ്പ് പ്രകാരം, ഹൈക്കോടതി ജഡ്ജിമാരുടേതിന് സമാനമായതാണ് എന്നും പുതിയതായി ചാർജ്ജെടുത്ത ജുഡീഷ്യൽ മെമ്പർമാരുടെ ഔദ്യോഗിക വസതിയിൽ കോ-ടെർമിനസ് വ്യവസ്ഥയിൽ 2 പാർട്ട് ടൈം കുക്കിന്റെയും 2 പാർട്ട് ടൈം സ്വീപ്പറുടെയും തസ്തികകൾ സൃഷ്ടിച്ച് അനുമതി നൽകണമെന്നും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

5) ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ ടി വകുപ്പ് താഴെപറയുംപ്രകാരം അഭിപ്രായപ്പെട്ടു.

*"As two more Judicial Members have been appointed in Kerala Administrative Tribunal and as they have assumed charge on 20.07.2016, Finance agrees to create 2 Posts of Part Time Cooks and*

*2 Posts of Part time Sweepers for appointment on co-terminus basis for the official residence of the newly sworn Judicial Members with effect from the date of effect of assumption of charge ie. 20.07.2016 subject to approval of Cabinet."*

6) ഈ വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിക്ക് സർക്കുലേറ്റ് ചെയ്തപ്പോൾ ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

<u>തീരുമാനിക്കേണ്ട വിഷയം</u>

1) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ പുതിയതായി ചുമതലയേറ്റ രണ്ട് ജുഡീഷ്യൽ അംഗങ്ങളുടെ ഔദ്യോഗിക വസതിയിലേയ്ക്ക് ധനകാര്യ വകുപ്പ് ശുപാർശ ചെയ്ത പ്രകാരം കോ-ടെർമിനസ് വ്യവസ്ഥയിൽ 2 പാർട്ട് ടൈം കുക്കിന്റെയും 2 പാർട്ട് ടൈം സ്വീപ്പറുടെയും തസ്തിക അവർ ചാർജെടുത്ത തീയതിയായ 20.07.2016 മുതൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ;

2) അനുമതി നൽകുകയാണെങ്കിൽ ആയതിനുള്ള തുക '2014-00-116-99-NP' എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താമോ?